# പ്രവാചകചര്യയുടെ പ്രാമാണികത

കെ.എ സിദ്ദീഖ് ഹസൻ

**പ്രവാചകന്റെ** ജീവിതകാലത്ത് അവിടത്തെ അനുചരന്മാർ നിയമത്തിന്റെ പ്രഥമ സ്രോതസ്സായി കണ്ടിരുന്നത് വിശുദ്ധ ഖുർആനെയായിരുന്നു. തങ്ങളഭിമുഖീകരിച്ച ജീവിതപ്രശ്നങ്ങളിലോരോന്നിലും ദൈവികനിർദേശങ്ങൾ എന്തെന്ന് ആരാഞ്ഞുകൊണ്ട് ആകാംക്ഷയോടെയാണവർ നബി തിരുമേനിയെ സമീപിച്ചിരുന്നത്. അപ്പോഴൊക്കെ അവിടുന്ന് അവർക്ക് ഖുർആൻ സൂക്തങ്ങൾ ഓതി കേൾപ്പിക്കുമായിരുന്നു.

എന്നാൽ ഖുർആൻ വാക്യങ്ങളിൽ പലതും വിശദീകരണം ആവശ്യമായ വിധം സംക്ഷിപ്തമോ സാമാന്യ സ്വഭാവത്തിലുള്ളതോ ആയിരുന്നു. നമസ്കാരത്തെക്കുറിച്ച കൽപനതന്നെ ഉദാഹരണം. അതിന്റെ 'റക്അത്തു'കളെക്കുറിച്ചോ രൂപത്തെക്കുറിച്ചോ സമയത്തെപ്പറ്റിയോ കണിശവും ഖണ്ഡിതവുമായ പരാമർശങ്ങൾ ഖുർആനിലില്ല. സകാത്തിന്റെ കാര്യവും അതുതന്നെ. സകാത്ത് നിർബന്ധമാകുന്ന പരിധി, അളവ് തുടങ്ങിയ കാര്യങ്ങളും ഖുർആനിൽ കാണുക സാധ്യമല്ല. ഇവ്വിധം വിശദീകരണം ആവശ്യമായ ഒട്ടേറെ നിയമനിർദേശങ്ങൾ ഖുർആനിലുണ്ട്.

ഇത്തരം കൽപനകളുടെ കാര്യത്തിൽ വിശദാംശങ്ങളറിയാൻ പ്രവാചക ശിഷ്യന്മാർ പ്രവാചകനെത്തന്നെ സമീപിക്കാൻ നിർബന്ധിതരായിരുന്നു. വിശുദ്ധ ഖുർആനിൽ വ്യക്തമായ നിയമമോ നിർദേശമോ നൽകിയിട്ടില്ലാത്ത പ്രശ്നങ്ങളിലും പ്രവാചകനെ അവലംബിക്കുകയാണവർ ചെയ്തത്. അതെ, ദൈവിക സന്ദേശങ്ങളുടെ പ്രബോധകനെന്ന പോലെ അവയുടെ വ്യാഖ്യാതാവും പ്രയോക്താവും കൂടിയായിരുന്നു പ്രവാചകൻ.

പ്രവാചകന്റെ ഈ നിലപാട്, പ്രവാചകചര്യ(സുന്നത്ത്)യുടെ ആധികാരിക സ്വഭാവം ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്: "താങ്കൾക്ക് നാം ഈ ഉദ്ബോധനം അവതരിപ്പിച്ചിരിക്കുന്നു- താങ്കൾ അവർക്കവതരിച്ചു കിട്ടിയ പാഠങ്ങൾ വിശദീകരിച്ചു വെളിപ്പെടുത്തിക്കൊടുക്കുന്നതിനും ജനങ്ങൾ സ്വയം ചിന്തിക്കുന്നതിനും വേണ്ടി" (*അന്നഹ്ൽ* 44).

അഭിപ്രായഭിന്നതയുള്ള പ്രശ്നങ്ങളിൽ പ്രവാചകന്റെ വിശദീകരണമാണ് തേടേണ്ടതെന്ന് ഇതേ അധ്യായം 64-ാം സൂക്തത്തിലും, ഭിന്നാഭിപ്രായമുള്ള പ്രശ്നങ്ങളിൽ പ്രവാചകന്റെ വിധി ത്തീർപ്പ് അംഗീകരിക്കുകയും അതിൽ സംതൃപ്തിയടയുകയും ചെയ്യാത്തവർ വിശ്വാസിയാവുകയില്ലെന്ന് 4: 65-ലും വ്യക്തമാക്കുന്നുണ്ട്. ഒരിടത്ത് ഇങ്ങനെ കാണാം: "അവരിൽനിന്നുതന്നെയുള്ള ഒരു പ്രവാചകനെ അയക്കുക വഴി അല്ലാഹു സത്യവിശ്വാസികൾക്ക് വലിയൊരു ഔദാര്യമാണ് ചെയ്തത്. അദ്ദേഹം അവർക്ക് അവന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുന്നു. അവരുടെ ജീവിതം സംസ്കരിക്കുന്നു. അവരെ വേദവും തത്ത്വജ്ഞാനവും പഠിപ്പിക്കുന്നു. ഇതിനു മുമ്പാകട്ടെ, ഇതേ ജനത സ്പഷ്ടമായ ദുർമാർഗത്തിലായിരുന്നു" (3:164).

ഖുർആൻ വ്യാഖ്യാതാക്കളുൾപ്പെടെയുള്ള ഇസ്‌ലാമിക പണ്ഡിതന്മാരിൽ അധികപേരും അഭിപ്രായപ്പെടുന്നത് വേദഗ്രന്ഥത്തോടൊപ്പം ഇവിടെ പരാമർശിച്ച തത്ത്വജ്ഞാനം കൊണ്ടുദ്ദേശ്യം പ്രവാചക ചര്യയാണെന്നാണ്. ഇമാം ശാഫിഈ പറഞ്ഞു: "അല്ലാഹു വേദഗ്രന്ഥം എന്നു പറഞ്ഞു.

അത് ഖുർആനാണ്. തുടർന്ന് 'ഹിക്മ' എന്നു പറഞ്ഞു. എന്റെ പ്രദേശക്കാരായ ഖുർആൻ പണ്ഡിതന്മാർ ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'ഹിക്മ' എന്നാൽ പ്രവാചകചര്യയാണ്. ഇതാണ് അല്ലാഹു പറഞ്ഞതിനോട് യോജിക്കുന്നത്. അല്ലാവുഹാണ് സർവജ്ഞൻ. എന്തെന്നാൽ ആദ്യം ഖുർആൻ പറഞ്ഞു. തുടർന്ന് ഹിക്മത്തും. ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചത് അല്ലാഹു അവന്റെ ഔദാര്യമായി എടുത്തുപറഞ്ഞിരിക്കുന്നു. ഇവിടെ 'ഹിക്മത്ത്' എന്നു പറഞ്ഞത് പ്രവാചകചര്യയല്ലാതെ മറ്റൊന്നാവാൻ വഴിയില്ല– അല്ലാഹുവാണ് സർവജ്ഞൻ– കാരണം, വേദഗ്രന്ഥത്തോട് ചേർത്താണ് തത്ത്വജ്ഞാനം എന്നു പറഞ്ഞത്. പ്രവാചകാനുസരണം അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. അവിടത്തെ കൽപന പിൻപറ്റൽ ജനങ്ങളുടെ മേൽ ബാധ്യയാക്കുകയും ചെയ്തു. ഖുർആനിലുണ്ട്, പ്രവാചകചര്യയിലുണ്ട് എന്ന അടിസ്ഥാനത്തിലല്ലാതെ ഒരു കാര്യവും നിർബന്ധമാണെന്ന് പറയാവതല്ല. കാരണം നാം വിവരിച്ചതുപോലെ അല്ലാഹുവിലുള്ള വിശ്വാസത്തോടൊപ്പം പ്രവാചകനിലുള്ള വിശ്വാസവും അവൻ നിർബന്ധമാക്കിയിരിക്കുന്നു" (*അർറിസാല* 78).

ഇമാം ശാഫിഈ അഭിപ്രായപ്പെട്ടതുപോലെ വേദഗ്രന്ഥത്തോട് ചേർത്തുപറഞ്ഞ തത്ത്വജ്ഞാനം വേദഗ്രന്ഥത്തിൽനിന്നു ഭിന്നമായ ഒന്നാണെന്ന് തീർച്ച. പ്രവാചകാധ്യാപനവുമാണത്; പ്രവാചകനിയോഗത്തിന്റെ ഭാഗവും. ദൈവത്തോടൊപ്പം പ്രവാചകനിലും വിശ്വസിക്കാനും ദൈവത്തോടൊപ്പം പ്രവാചകനെയും അനുസരിക്കാനും കൽപിച്ചിരിക്കുന്നു. ഇവിടെ ഈ തത്ത്വജ്ഞാനം ദൈവികാധ്യാപനങ്ങളുടെ സാരാംശവും വിശദാംശവുമായ പ്രവാചക വചനങ്ങൾതന്നെയാണെന്ന് വരുന്നു.

പ്രവാചകനെ വർണിച്ചുകൊണ്ട് ഖുർആൻ പറഞ്ഞു: "അദ്ദേഹം അവരോട് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും, പരിശുദ്ധമായവ അനുവദിക്കുകയും മ്ലേഛമായവ നിഷിദ്ധമാക്കുകയും അവരുടെ ഭാരങ്ങളും ചങ്ങലകളും ഇറക്കിവെക്കുകയും ചെയ്യുന്നു" (7:156). പ്രവാചകന്റെ ഈ നിലപാടിനെ സംബന്ധിച്ച പരാമർശം പൊതുവാണ്. ഖുർആന്റെ മാർഗനിർദേശമനുസരിച്ചോ, മറ്റേതെങ്കിലും മാർഗേണ പ്രവാചകന് ലഭിച്ച ദിവ്യബോധനമനുസരിച്ചോ അദ്ദേഹം നൽകുന്ന എല്ലാ വിധിനിഷേധങ്ങളും ഈ വാക്യം ഉൾക്കൊള്ളുന്നു.

മിഖ്ദാം എന്ന പ്രവാചകശിഷ്യൻ തിരുമേനിയിൽനിന്നുദ്ധരിച്ചു: "അറിയുക, എനിക്ക് ഗ്രന്ഥവും അതോടൊപ്പം തത്തുല്യമായ മറ്റൊന്നും കിട്ടിയിട്ടുണ്ട്" (അബൂദാവൂദ്).

അതാണ് ഖുർആൻ പറഞ്ഞത്: "പ്രവാചകൻ നിങ്ങൾക്ക് എത്തിച്ചുതന്നത് നിങ്ങൾ മുറുകെപ്പിടിക്കുക; അദ്ദേഹം വിരോധിച്ചത് വെടിയുകയും ചെയ്യുക." ദൈവാനുസരണത്തോടൊപ്പം പ്രവാചകാനുസരണം നിർബന്ധമാണെന്ന് വ്യക്തമാക്കുന്ന എത്രയോ വാക്യങ്ങൾ ഖുർആനിലുണ്ട്. ഒരിടത്ത് പറഞ്ഞു: "പ്രവാചകനെ അനുസരിക്കുന്നവർ ദൈവത്തെയാണ് അനുസരിക്കുന്നത്" (4:80).

മറ്റൊരിടത്ത്: "നബീ! പറയൂ, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. അപ്പോൾ അല്ലാഹു നിങ്ങളെയും സ്നേഹിക്കും. നിങ്ങളുടെ പാപങ്ങൾ അവൻ പൊറുത്തുതരികയും ചെയ്യും" (3:31).

പ്രവാചകനെ പിന്തുടരലും പ്രവാചക കൽപനകൾ അനുസരിക്കലും നിർബന്ധമായി കൽപിച്ചതുപോലെത്തന്നെ പ്രവാചകനെ ധിക്കരിക്കുന്നത് കടുത്ത അതിക്രമവും (3:36), നിഷേധവും (3:32), കാപട്യവും (24:47–54), ദൈവശിക്ഷക്ക് ഹേതുവും (24:64) ഒക്കെയായി എടുത്തുപറഞ്ഞിരിക്കുന്നു. ഇമാം ഇബ്നുൽ ഖയ്യിം പറഞ്ഞു: "പ്രവാചകന്റെ സന്നിധിയിൽനിന്ന് പിരിഞ്ഞുപോകുന്നുവെങ്കിൽ അനുവാദം ചോദിക്കുകയെന്നത് വിശ്വാസത്തിന്റെ അനിവാര്യതാൽപര്യമായി ഖുർആൻ ചിത്രീകരിച്ചതിൽനിന്ന് മനസ്സിലാവുന്നത് മതപരമായ അറിവിന്റെ കാര്യത്തിൽ അവിടത്തെ അനുമതി കൂടാതെ ഏതെങ്കിലും അഭിപ്രായത്തെ പിന്തുടരുന്നത് പ്രത്യേകിച്ചും വിശ്വാസത്തെ ബാധിക്കുന്ന കാര്യമാണെന്നാണ്..."

പ്രവാചകചര്യ പ്രത്യക്ഷരം അനുധാവനം ചെയ്യാൻ മുസ്‌ലിംകളോട് ആവശ്യപ്പെടുന്നതാണ് ഈ കൽപനകളുടെയും നിർദേശങ്ങളുടെയും പൊതുവായ ചൈതന്യം. അവിടന്ന് അവർക്ക് ഗുരുവും വഴികാട്ടിയുമാണെന്ന് പറഞ്ഞുകൊണ്ട് വിശുദ്ധ ഖുർആൻ ഖുർആനിക നിയമനിർദേശങ്ങളുടെ പ്രായോഗിക രൂപം കാണിച്ചുകൊടുക്കുന്നു. തർക്കങ്ങളിലും കേസുകളിലും പ്രവാചകൻ വിധി പറയുന്നു. ഖുർആനിൽ വ്യക്തമായി വിധി വന്നിട്ടില്ലാത്ത പ്രശ്നങ്ങളിൽ അനുചരന്മാർ അവിടത്തെ നിയമനിർദേശങ്ങൾ ആരായുന്നു. തിരുമേനിയെ വ്യക്തിപരമായി ബാധിക്കുന്നതല്ലാത്ത സകല പ്രശ്നങ്ങളിലും പ്രത്യക്ഷരം അദ്ദേഹത്തെ അനുധാവനം ചെയ്യുന്നു. നമസ്കാരത്തിന്റെ കൽപന വരുമ്പോൾ 'ഞാൻ നമസ്കരിക്കുന്നതുപോലെ നിങ്ങൾ നമസ്കരിക്കുക' എന്നും ഹജ്ജിന്റെ കൽപന വരുമ്പോൾ 'ഹജ്ജിലെ ചടങ്ങുകൾ എന്നിൽനിന്ന് പകർത്തുക' എന്നും പ്രവാചകൻ പറഞ്ഞത് കാണാം. തന്റെ ചര്യ പിന്തുടരാൻ മടിക്കുന്നവരുടെ നേരെ അവിടുന്ന് താക്കീത് ചെയ്യുമായിരുന്നു. അവിടത്തെ കൽപനകൾ ചാണിനു ചാണായും മുഴത്തിനു മുഴമായും പിന്തുടരാൻ അതിയായ ആവേശമാണ് മുസ്‌ലിംകൾ കാട്ടിയിരുന്നത്. തിരുമേനിയുടെ വാക്കും പ്രവൃത്തിയും അംഗീകാരവും നിയമമായാണവർ കണ്ടത്.

തിരുമേനിയുടെ ജീവിതകാലത്തെന്നപോലെ മരണശേഷവും അവിടത്തെ വാക്കുകൾക്കും ചര്യകൾക്കും നിയമപദവിയുണ്ടെന്ന കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായമുണ്ടായിരുന്നില്ല. അവിടത്തെ സാന്നിധ്യത്തിലെന്നപോലെ അസാന്നിധ്യത്തിലും അതിന്റെ ആധികാരികത അവർ അംഗീകരിച്ചിരുന്നു. മുആദി(റ)ന്റെ സംഭവത്തിലെ പ്രസിദ്ധമായ ഹദീസ് അതാണ് വ്യക്തമാക്കുന്നത്. മുആദിനെ യമനിലെ ഗവർണറായി നിശ്ചയിച്ചുകൊണ്ട് യാത്രയയക്കുമ്പോൾ പ്രവാചകൻ ചോദിച്ചു: 'താങ്കൾക്ക് ഒരു പ്രശ്നത്തിൽ വിധി പറയേണ്ടിവരുമ്പോൾ എന്തു ചെയ്യും?' 'ഞാൻ അല്ലാഹുവിന്റെ ഗ്രന്ഥം കൊണ്ട് വിധിക്കും.' 'അല്ലാഹുവിന്റെ ഗ്രന്ഥത്തിലില്ലെങ്കിൽ?' തിരുമേനി ചോദിച്ചു. 'ദൈവദൂതന്റെ ചര്യയെ ആധാരമാക്കി ഞാൻ വിധിക്കും'– മുആദ് പറഞ്ഞു. തിരുമേനി വീണ്ടും ചോദിച്ചു: 'പ്രവാചകചര്യയിലും കണ്ടില്ലെങ്കിൽ?' 'ഞാനെന്റെ യുക്തിയുപയോഗിച്ച് ഒരു തീരുമാനമെടു

ക്കും. വീഴ്ച വരുത്തുകയില്ല'. ഇതുകേട്ട് തിരുമേനി മുആദിന്റെ മാറിൽ തലോടിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: "അല്ലാഹുവിന് തൃപ്തികരമായ ഒരു മറപുടി തരാൻ ദൈവദൂതന്റെ ദൂതന് ഭാഗ്യമരുളിയ അല്ലാഹുവിന് സ്തുതി" (അഹ്മദ്, അബൂദാവൂദ്). ജീവിതത്തിന്റെ അവസാനകാലത്ത് യാതൊരു സംശയത്തിനുമിടയില്ലാത്തവിധം പ്രവാചകൻ വ്യക്തമാക്കി: "നിങ്ങൾക്കിടയിൽ രണ്ടു കാര്യം ഉപേക്ഷിച്ചാണ് ഞാൻ പോകുന്നത്. അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ ചര്യയും. അവ രണ്ടും മുറുകെ പിടിക്കുന്ന പക്ഷം നിങ്ങൾ പിഴക്കുകയില്ല."

## ഹദീസ് ക്രോഡീകരണം

പ്രവാചകചര്യ പഠിക്കുന്നതിനും ജീവിതത്തിൽ പകർത്തുന്നതിനും തിരുമേനിയോടൊപ്പം ഇടപഴകിക്കഴിഞ്ഞിരുന്ന അനുചരന്മാർക്ക് തെല്ലും പ്രയാസപ്പെടേണ്ടി വന്നിരുന്നില്ല. അവരിൽ ചിലർ അവിടത്തെ വാഗ്കർമങ്ങൾ ഒന്നു പോലും നഷ്ടപ്പെടാതിരിക്കാൻ ഊഴം വെച്ചാണ് ജീവിതായോധനത്തിനും പഠനത്തിനും സമയം കണ്ടെത്തിയത്. അവിടത്തെ കുടുംബജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ തിരുമേനിയുടെ ഭാര്യമാരുടെയടുക്കൽ ചെന്ന് അന്വേഷിക്കുകയായിരുന്നു പതിവ്. തിരുമേനിയുടെ സന്തതസഹചാരികളായിക്കഴിഞ്ഞിരുന്ന ചിലരാകട്ടെ അവിടത്തെ ചര്യ ഏറിയ കൂറും പഠിച്ചു സ്വായത്തമാക്കിയിരുന്നു. മഹാത്മാക്കളായ നാല് ഖലീഫമാരും അബൂഹുറയ്റ(റ)യെപ്പോലുള്ള സ്വഹാബിമാരും ആ കൂട്ടത്തിൽ പെടുന്നു.

വിശുദ്ധ ഖുർആൻ നബിതിരുമേനിയുടെ മാർഗനിർദേശമനുസരിച്ച് ക്രോഡീകരിക്കുകയും എഴുതിസൂക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിലും തിരുവചനങ്ങൾ ആദ്യകാലത്ത് പ്രത്യേകം രേഖപ്പെടുത്തിവെക്കുകയോ ക്രോഡീകരിക്കുകയോ ചെയ്തിരുന്നില്ല. ഖുർആൻ വചനങ്ങളുമായി കൂടിക്കലരാതിരിക്കാനും ഖുർആന്റെ കാര്യത്തിൽ തെല്ലുപോലും അബദ്ധം പിണയാതിരിക്കാനും വേണ്ടി ഹദീസുകൾ എഴുതിസൂക്ഷിക്കുന്നതിനു തീരെ പ്രോത്സാഹനം നൽകിയില്ല. എന്നല്ല അതിനെ നിരുത്സാഹപ്പെടുത്തിയതായും കാണാം. എന്നാൽ ഹസ്രത്ത് ഉമറിന്റെ കാലശേഷം സ്വഹാബിമാർ മദീനക്കു പുറത്ത് സഞ്ചരിക്കാൻ തുടങ്ങിയതോടെ ഹദീസുകൾ വ്യാപകമായി പ്രചരിക്കുകയും ഇളംതലമുറയിൽപെട്ട വിജ്ഞാനകുതുകികൾ അവ ചോദിച്ചു പഠിച്ചു പകർത്തുകയും ചെയ്തുപോന്നു.

പിന്നീട് ഇസ്‌ലാമിക സമൂഹത്തിൽ പൊട്ടിപ്പുറപ്പെട്ട കക്ഷികൾക്കിടയിൽ വ്യാജ ഹദീസുകൾ ധാരാളമായി പ്രചരിക്കാൻ തുടങ്ങി. എന്നാൽ ഈ വിപത്തിനെതിരിൽ പിൽക്കാല പണ്ഡിതന്മാർ നടത്തിയ കഠിനവും തീവ്രവുമായ അധ്വാനപരിശ്രമങ്ങൾ, ഒരുവേള സത്യാന്വേഷണ ചരിത്രത്തിലെങ്ങും തുല്യതയില്ലാത്തവിധം സാഹസികവും ധീരവുമായിരുന്നു. ലക്ഷക്കണക്കായ വ്യാജ ഹദീസുകളിൽനിന്ന് യഥാർഥ ഹദീസുകൾ വേർതിരിച്ചെടുക്കാൻ ഇമാം ബുഖാരിയും മുസ്‌ലിമും ഇതര ഹദീസ് പണ്ഡിതന്മാരും സഹിച്ച ത്യാഗങ്ങൾ ചില്ലറയല്ല. ഹദീസ് വിജ്ഞാനീയങ്ങൾ എന്ന പേരിൽ പ്രസിദ്ധീകൃതമായ ഒരു ശാസ്ത്രശാഖ തന്നെ അതിനായി രൂപംകൊണ്ടു.

## സുന്നത്ത് നിഷേധപ്രവണത

വ്യാജഹദീസുകളുടെ പ്രശ്നത്തേക്കാൾ ഗുരുതരവും അപായകരവുമായ ഭീഷണിയാണ് ഇസ്‌ലാമിന്റെ ശത്രുക്കൾ സുന്നത്തിന്റെ നേർക്കു നടത്തിയ കടന്നാക്രമണങ്ങൾ മൂലം ഉളവായത്. അതിനവർ സ്വീകരിച്ച മാർഗമാണ് ഹദീസിന്റെ വിശ്വാസ്യത ചോദ്യം ചെയ്യുകയെന്നത്. നിവേദകരുടെയും റിപ്പോർട്ടർമാരുടെയും സത്യസന്ധതയിൽ സംശയം ജനിപ്പിച്ചും അവർക്കെതിരിൽ ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ചുമാണ് ഇക്കൂട്ടർ ഈ ഹീനകൃത്യം ചെയ്തത്. പ്രത്യക്ഷത്തിൽ ഗവേഷണ പഠനങ്ങളുടെയും സത്യാന്വേഷണത്തിന്റെയും വേഷമണിഞ്ഞ ജൂത ഓറിയന്റലിസ്റ്റ് ലോബികളും സാമ്രാജ്യത്വത്തിന്റെ നിഗൂഢ ഹസ്തങ്ങളുമാണ് അതിന്റെ പിന്നിലുണ്ടായിരുന്നത്. പാശ്ചാത്യ സംസ്കാരത്തിന്റെ പകിട്ടിൽ മയങ്ങിയ ഏതാനും മുസ്‌ലിംകളെയും അവർക്ക് കൂട്ടിനു കിട്ടി. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ സ്വാധീനത്താൽ മാനസികമായി അടിമകളായിത്തീർന്ന, ഇസ്‌ലാമിനോട് മതിപ്പോ ആദരവോ ഇല്ലാത്ത ഈ മോഡേണിസ്റ്റു വിഭാഗം ഇസ്‌ലാമിന്റെ ശത്രുക്കളുടെ കൈയിൽ കളിപ്പാവകളായി മാറുകയായിരുന്നു. സ്വന്തം സാംസ്കാരിക പൈതൃകത്തെക്കുറിച്ച അജ്ഞത, അധമബോധം, കീർത്തിമോഹം തുടങ്ങി പല ഘടകങ്ങളും ഇതിൽ പങ്കു വഹിച്ചിട്ടുണ്ട്.

ഈ ആക്രമണങ്ങൾക്കെല്ലാം നടുവിൽ പ്രവാചകചര്യയുടെ ആധികാരികതയും പ്രാമാണികതയും ഇസ്‌ലാമിക സമൂഹത്തിൽ കൂടുതലായി അംഗീരിക്കപ്പെട്ടുപോന്നുവെന്നതാണ് സത്യം. ജൂതലോബിയും ഓറിയന്റലിസ്റ്റ് വിഭാഗവും ഇപ്പോൾ ഒടുവിലായി മോഡേണിസ്റ്റുകളും സുന്നത്തിനെതിരിൽ നടത്തിക്കൊണ്ടിരിക്കുന്ന ഹീനവും കുത്സിതവുമായ ആക്രമണം ഇസ്‌ലാമിക ചരിത്രത്തോളം പഴക്കമുള്ള ഇസ്‌ലാമികവിരുദ്ധ ഗൂഢാലോചനയുടെ ഭാഗമാണ്. സുന്നത്തിന്റെ ആധികാരികതയെ തകർക്കുകവഴി ഇസ്‌ലാമിനെത്തന്നെ തകർക്കുകയാണ് അവരുടെ ലക്ഷ്യം. പ്രവാചകചര്യയുടെ ആധികാരികതയും പ്രാമാണികതയും തള്ളിക്കളഞ്ഞു കഴിഞ്ഞാൽ വിശുദ്ധ ഖുർആനെ എങ്ങനെയും വ്യാഖ്യാനിക്കാമെന്നുവരും. അതോടെ ഇസ്‌ലാമിക സമൂഹത്തിന്റെ ഐക്യം തകർക്കാനും ഇസ്‌ലാമിക ചിന്തയുടെ ഏകതാനത നശിപ്പിക്കാനും ഫലത്തിൽ ഇസ്‌ലാമിനെത്തന്നെ നശിപ്പിക്കാനും പ്രയാസമുണ്ടാവില്ല. ഹദീസ് നിവേദകരുടെ പരമ്പരയെ സംബന്ധിച്ച സംശയത്തിൽനിന്ന് തുടങ്ങി പ്രവാചകചര്യയുടെ ആധികാരികതയിൽ ചെന്നെത്തുന്ന സംശയം പയ്യെപയ്യെ ഖുർആന്റെ നേർക്കും കടന്നുചെല്ലുന്നതു കാണാം. ചില ഓറിയന്റലിസ്റ്റ് പണ്ഡിതന്മാരുടെയെങ്കിലും ഗവേഷണങ്ങൾ ആ വഴിക്കാണ് നീങ്ങിയത്. പിൽക്കാലത്ത് മുസ്‌ലിംസമൂഹത്തിൽ ജന്മെടുത്ത ഖാദിയാനിസത്തിന്റെയും ബറേൽവിസത്തിന്റെയും പിന്നിലെ ചേതോവികാരവും മറ്റൊന്നല്ല. ഏറെ രസകരമായ വസ്തുത ഓറിയന്റലിസ്റ്റ്–മിഷനറി വിഭാഗങ്ങൾ ഈ രഹസ്യം തുറന്നു പറയാൻ മടിച്ചിട്ടില്ലെന്നതാണ്. ●